വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

79 [3430] ശ്രീ. വി. കെ. സി മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെറ്ററിനറി ആശുപത്രികളിൽ ഡോക്ടർമാർ ഇല്ലാത്തതിനാൽ മൃഗസംരക്ഷണമേഖല നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ഒഴിവുകൾ ഉണ്ടെന്ന് പറയാമോ;

(സി) ഒഴിവ് നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(ഡി) പ്രമോഷൻ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വെറ്ററിനറി സർജൻമാരുടെ 170 ഒഴിവുകളും സീനിയർ വെറ്ററിനറി സർജൻമാരുടെ 20 ഒഴിവുകളും ഉണ്ട്.

(സി) വെറ്റിറിനറി സർജൻമാരുടെ ഒഴിവുകൾ പി. എസ്. സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നുണ്ട്.

(ഡി) പ്രമോഷൻ നൽകാനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മൃഗഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

80 [3431] ശ്രീ. കളത്തിൽ അബ്ദുള്ള:

,, യു. സി. രാമൻ:

,, ടി. പി. എം. സാഹിർ:

,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പിൽ മൃഗഡോക്ടർമാരുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്.;

(ബി) ഈ ഒഴിവുകൾ എല്ലാംതന്നെ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്ര എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ബാക്കിയുള്ള ഒഴിവുകളും പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകിക്കുമോ;

(ഇ) മൃഗഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകളിലെല്ലാം നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വെറ്റിറിനറി സർജൻമാരുടെ 170-ഉം സീനിയർ വെറ്ററിനറി സർജൻമാരുടെ 20-ഉം ഒഴിവുകളുണ്ട്.

(ബി) വെറ്ററിനറി സർജൻമാരുടെ എല്ലാ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി ആന്റ് ഡി) ബാധകമല്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. പി. എസ്. സി. നിയമനത്തിന് താമസമുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തിവരുന്നുണ്ട്.

സംസ്ഥാനത്തുള്ള കയർ ക്ലസ്റ്ററുകൾ

81 [3432] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, സി. പി. മുഹമ്മദ്:
,, കെ. ബാബു:
,, കെ. അച്ചുതൻ:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കയർ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയുടെ പ്രവർത്തനത്തിനുവേണ്ടി കേന്ദ്രസർക്കാർ എന്തുതുക അനുവദിച്ചിട്ടുണ്ട്;

(സി) ഈ തുക എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കുന്നത്;

(ഡി) ഇതുകൊണ്ട് എത്രപേർക്ക് പ്രയോജനം കിട്ടുമെന്ന് പറയുമോ?

ഉത്തരം

(എ) രണ്ട് കയർ ക്ലസ്റ്ററുകൾ.

(1) കേന്ദ്ര ഗവൺമെന്റിന്റെ IIUS (Industrial Infrastructure Upgradation Scherme) പ്രകാരം നടപ്പിലാക്കുന്ന ആലപ്പുഴ കയർ ക്ലസ്റ്റർ വികസന പദ്ധതി.

(2) സർക്കാരുമായി നേരിട്ട് ബന്ധമില്ലാതെ SBI-യുടെ project, uptech പ്രകാരം രൂപീകരിച്ച് പ്രവർത്തിക്കുന്ന ആലപ്പുഴ കയർ ക്ലസ്റ്റർ.

(ബി) IIUS പ്രകാരം നടപ്പിലാക്കുന്ന ആലപ്പുഴ കയർ ക്ലസ്റ്റർ വികസന പദ്ധതിക്കായി 56.80 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചു. അതിൽ 14.2 കോടി രൂപ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി വിതരണം ചെയ്തുകഴിഞ്ഞതായി അറിയുന്നു. SBI-യുടെ project uptech പ്രകാരം രൂപീകരിച്ച് പ്രവർത്തിക്കുന്ന കയർ ക്ലസ്റ്ററിന് ഇതുവരെയും കേന്ദ്ര സഹായമൊന്നും ലഭിച്ചതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly